പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 146** **16-10-2026-ൽ മറുപടിയ്ക്ക്**

**ക്ഷീര മേഖലയെ നവീകരിക്കാൻ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. സി. വി. ശാന്തകുമാർ

ശ്രീ. എൻ. ശക്തൻ

ശ്രീ. എം. ആർ. ബൈജു

**മറുപടി നൽകിയ മന്ത്രി**

ശ്രീമതി ബിന്ദു കൃഷ്ണ

(തൊഴിൽ, മൃഗസംരക്ഷണ - വനിതാ ശിശു വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ക്ഷീര മേഖല നവീകരിക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** കേരളത്തിലെ ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ് മുഖേന, ക്ഷീരമേഖലയുടെ മൊത്തം പ്രവർത്തനങ്ങൾ പ്രധാനമായും രണ്ടു ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് നടപ്പിലാക്കി വരുന്നത്. കേരളത്തിലെ പാലുൽപാദനം വർദ്ധിപ്പിക്കുക, പുൽകൃഷി പ്രോത്സാഹിപ്പിക്കുക. ആയതിലേക്കായി മൊത്തം പദ്ധതി തുകയായി 109.58 കോടി രൂപ ക്ഷീര വികസന വകുപ്പിന് അനുവദിച്ചിട്ടുണ്ട്.

ക്ഷീര കർഷകരുടെ ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനായി മിൽമയുടെ മേഖലായൂണിയനുകൾ മുഖേന കാലിത്തീറ്റ സബ് സിഡി, അധിക പാൽവില, കന്നുകാലി ഇൻഷ്വറൻസ് പ്രീമിയം സബ് സിഡി,കന്നുകാലി വായ്പാ പലിശ സബ് സിഡി, കന്നുകാലികളെ വാങ്ങുന്നതിനുള്ള പലിശരഹിത വായ്പ, തൊഴുത്ത് നിർമ്മാണത്തിനുംഉൽപാദനോപാധികൾക്കുമുള്ള സഹായം, ക്രിത്രിമ ബീജദാന സഹായം, കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന ഉൽപ്പാദനക്കുറവിന്റെ സാമ്പത്തിക ആഘാതം ലഘൂകരിക്കുന്നതിനുള്ള ഇൻഷ്വറൻസ് പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ, വികേന്ദ്രീകൃത മൃഗചികിത്സാ യൂണിറ്റുകൾ, മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ, കന്നുകാലികൾക്കുള്ള അടിയന്തിര ചികിത്സാ സഹായം, ക്രിത്രിമ ബീജദാന കേന്ദ്രങ്ങൾ,രോഗ പ്രതിരോധ ചികിത്സാസേവനങ്ങൾ എന്നിവയിലൂടെയും കർഷകർക്ക് പിന്തുണ നൽകുന്നു.

**മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

**1.ശാസ് ത്രീയ കന്നുകുട്ടി പരിപാലന പദ്ധതി എസ്.എൽ.ബി.പി-ഡിജിറ്റൽ ലൈവ്സ്റ്റോക്ക് ബ്രീഡിങ് പ്രോഗ്രാം.**

പത്തനംതിട്ട ജില്ലയിൽ നിന്ന് 800 കന്നുകുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. ശാസ്ത്രീയ രീതിയിൽ വളർത്തിയെടുക്കുന്ന ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള പശുക്കളെ

സംസ്ഥാനത്തിനകത്ത് തന്നെ ലഭ്യമാക്കുക, സംസ്ഥാനത്തെ പാൽഉൽപ്പാദനം വർദ്ധിപ്പിക്കുക, ഉൽപ്പാദനച്ചെലവ് കുറച്ച് ക്ഷീരമേഖലയെ ശക്തിപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

**2. മൊബൈൽ വെറ്ററിനറി സേവനങ്ങൾ ശക്തിപ്പെടുത്തൽ.**

കർഷകരുടെ വീട്ടുപടിക്കൽ സേവനമെത്തിക്കുന്നതിനായി തയ്യാറാക്കിയ മൊബൈൽ വെറ്ററിനറി യൂണിറ്റ് പദ്ധതിയിലൂടെ നിലവിൽ സംസ്ഥാനത്തെ 76 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി സേവനങ്ങൾ നൽകി വരുന്നു. വൈകുന്നേരം 4 മണി മുതൽ രാത്രി 12 മണി വരെ പ്രവർത്തന സമയം. 80 ബ്ലോക്കുകളിൽ കൂടി മൊബൈൽ വെറ്ററിനറി യൂണിറ്റ് സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**3. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി- ഗോസമൃദ്ധി.**

സംസ്ഥാനം ഒട്ടാകെ ഉള്ള കന്നുകാലികൾക്കും ക്ഷീരകർഷകർക്കും, മൃഗസംരക്ഷണ വകുപ്പ് മുഖേന സമഗ്ര ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുന്നു. ഘട്ടം ഘട്ടമായി സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**4. ഇ-സമൃദ്ധ.**

മൊബൈൽ ആപ്ലിക്കേഷൻ വഴി കർഷകർക്ക് ചികിത്സാ സേവനങ്ങൾ മുൻകൂട്ടി ബുക്ക് ചെയ്യാനും, ആരോഗ്യസർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാനും മൃഗപരിപാലനവുമായി ബന്ധപ്പെട്ടുള്ള മറ്റു സേവനങ്ങളെല്ലാം തന്നെ വിരൽ തുമ്പിൽ ലഭ്യമാക്കാനും സാധിക്കും. സംസ്ഥാനത്തെ എല്ലാ മൃഗചികിത്സ സ്ഥാപനങ്ങളിലേക്കും സേവനം വ്യാപിപ്പിക്കും. സേവനങ്ങൾ വകുപ്പിന്

കീഴിലുള്ള ലാബുകളുമായി ബന്ധിപ്പിച്ചു കർഷകർക്ക് സമയ ബന്ധിതമായി റിസൾട്ട് ലഭ്യമാക്കും.

**5. ഇടത്തരം ഡയറി ഫാമുകൾക്കായി സമഗ്ര ഫാം എയ്ഡ് പാക്കേജ്.**

10 മുതൽ 20 പശുക്കളുള്ള ഇടത്തരം ഡയറി ഫാമുകൾക്കാണ് ഈ പദ്ധതിയിലൂടെ സഹായം ലഭ്യമാകുക. ഈ പദ്ധതിയിലൂടെ ഒരു ഫാമിന് ഒരു ലക്ഷം രൂപയോളം ധനസഹായം ലഭിക്കും. ഈ പാക്കേജിന് കീഴിൽ ആരോഗ്യ പരിരക്ഷ, തീറ്റപ്പുൽ കൃഷിക്കു സഹായം, കാലിത്തീറ്റക്കുള്ള ധന സഹായം, ഫാം ആധുനികവൽക്കരണം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**6. സംരംഭകത്വ വികസന സെൽ**

സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ് സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്നത്. മൃഗസംരക്ഷണ മേഖലയിൽ ഇതിനായി സംരംഭകരെ സഹായിക്കാൻ വിവിധ ഏജൻസികളെ

ഏകോപിപ്പിക്കുന്നതിനു മൃഗസംരക്ഷണ വകുപ്പിന്റെ സംരംഭകത്വ വികസന-സെൽ വിവിധ ജില്ലാ മൃഗസംരക്ഷണ ആസ്ഥാനങ്ങളിൽ ആരംഭിച്ചിട്ടുണ്ട്.

**7.ലിംഗ നിർണ്ണയം നടത്തിയ ബീജ മാത്രകളുടെ ഉപയോഗം.**

ഈ രംഗത്തെ അതിനൂതന സാങ്കേതിക വിദ്യയായ സെക്സ് സോർട്ടഡ് സെമെൻ ഉപയോഗിച്ചുള്ള കൃത്രിമ ബീജദാന പദ്ധതിയിലൂടെ കർഷകരുടെ കൈവശമുള്ള ഉൽപാദനക്ഷമത കൂടിയ തെരഞ്ഞെടുക്കപ്പെട്ട ഉരുക്കളിൽ, വർധിച്ച ജനിതക മൂല്യമുള്ള ലിംഗ നിർണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ച് കൃത്രിമ ബീജദാനം നടത്തി, 90% കൃത്യതയോടെ പശുകുട്ടികളെ മാത്രം

ഉൽപാദിപ്പിക്കുകയും അത് വഴി വർധിത ഗുണമേന്മയുള്ള കന്നുകാലികളെ സൃഷ്ടിക്കാനും സാധിക്കും.

**8. ക്ലൈമറ്റ് റെസിലിയന്റ് ലൈവ്സ്റ്റോക്ക് ഫാർമിംഗ് .**

മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള കന്നുകാലി ഫാമുകളിൽ കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ് സിറ്റിയുമായി ചേർന്ന് കാലാവസ്ഥ വ്യതിയാനം ചെറുക്കുന്നതിനും, കാർബൺ എമിഷൻ കുറയ്ക്കുന്നതിനുമായി വിവിധ മാർഗങ്ങൾ.

9 . മൃഗസംരക്ഷണ വകുപ്പിന്റെ കിഴിലുള്ള ഫാമുകളിൽ നിന്നും ഈ സാമ്പത്തിക വർഷാവസാനം മുതൽ തീറ്റപ്പുൽ വിതരണ ശൃംഖല രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

10.സംസ്ഥാനത്തെ കന്നുകാലികളിലെ വന്ധ്യതാ പ്രശ്നം പരിഹരിക്കുന്നതിനായി, അതാത് സ്ഥലങ്ങളിൽ മിനറൽ അസ്സേ പഠനങ്ങൾ നടത്തി, അനുയോജ്യമായ ധാതു ലവണ മിശ്രിതം രൂപകൽപ്പനചെയ്ത് കർഷകർക്ക് സൌജന്യമായി വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

**11. കർഷകർക്ക് മൃഗസംരക്ഷണ വകുപ്പിന്റെ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും നഷ്ടപരിഹാര തുക അനുവദിക്കുന്നു.**

പ്രകൃതിക്ഷോഭം, ആന്ത്രാക്സ്,പേവിഷബാധ , വന്യമൃഗങ്ങളുടെ ആക്രമണം, തെരുവ് നായ ആക്രമണം, ഇടിമിന്നൽ, മുങ്ങിമരണം, വൈദ്യുതാഘാതം, സൂര്യാഘാതം, അപകടം തുടങ്ങി

ബ്രൂസെല്ലോസിസ്, അസുഖങ്ങൾ പാമ്പ്കടി, വിഷ ബാധ എന്നിവ മൂലം ഉരുക്കൾ നഷ്ടപ്പെടുന്ന കർഷകർക്കാണ് നഷ്ടപരിഹാരം നൽകുന്നത്.

**(ബി)** സംസ്ഥാനത്തെ കറവപ്പശുക്കളുടെ എണ്ണം കുറയുന്നത് പഠനവിധേയമാക്കുവാൻ സമിതി രൂപീകരിക്കുമോ; വ്യക്തമാക്കുമോ; മറ്റേതെല്ലാം വിഷയങ്ങളെക്കുറിച്ച് പഠിക്കുവാനും റിപ്പോർട്ട് സമർപ്പിക്കാനും പ്രസ്തുത സമിതിയോട് ആവശ്യപ്പെടുമെന്ന് അറിയിക്കുമോ;

**മറുപടി:** സംസ്ഥാനത്തെ കറവപ്പശുക്കളുടെഎണ്ണം കുറയുന്നത് പഠനവിധേയമാക്കുവാൻ നിലവിൽ സമിതി രൂപീകരിച്ചിട്ടില്ല.

**(സി)** മിൽമ, കേരള ഫീഡ്സ് എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കാലിത്തീറ്റയുടെ വില നിയന്ത്രിക്കാനും ഗുണനിലവാരം പരിശോധിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**മറുപടി:** കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് 2023ലെ കേരള കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപ്പാദനവും വിൽപനയും നിയന്ത്രിക്കലും ഗുണനിലവാരം ഉറപ്പാക്കലും) നിയമത്തിനു അനുസൃതമായിട്ടുള്ള കരട് ചട്ട രൂപീകരണം പരിഗണനയിലാണ്.

ക്ഷീരവികസന വകുപ്പിന്റെ NABL അക്രെഡിറ്റഡ് ലാബിൽ കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിച്ചു വരുന്നുണ്ട് . കൂടാതെ കാലിത്തീറ്റ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയിൽ സജ്ജമാക്കിയിട്ടുണ്ട്. സമാനമായ പരിശോധന സൗകര്യങ്ങൾ പാലോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഡിസീസസിലും പ്രവർത്തന സജ്ജമായിട്ടുണ്ട്.

കാലിത്തീറ്റ ഉൽപാദനത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളെല്ലാം തന്നെ അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്നതുകൊണ്ടും, കടത്തുകൂലിയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതിനാലും മിൽമ,കേരള ഫീഡ്സ് ലിമിറ്റഡ് എന്നിവയെ സംബന്ധിച്ചിടത്തോളം കാലിത്തീറ്റയുടെ വിലയിൽ നേരിട്ട് നിയന്ത്രണം അസാധ്യമാണ്. എന്നിരുന്നാലും, ഗുണമേന്മയുള്ള കാലിത്തീറ്റലഭ്യമാക്കുന്നതിലൂടെ സംസ്ഥാനത്ത് സ്വകാര്യ കാലിത്തീറ്റ നിർമ്മാതാക്കൾ നടത്തുന്ന അമിത വിലവർദ്ധനവിനെ പരോക്ഷമായി നിയന്ത്രിക്കുന്നതിലും വിപണിയിൽ വിലസ്ഥിരത ഉറപ്പാക്കുന്നതിലും മിൽമ, കേരള ഫീഡ്സ് എന്നിവ നിർണായക പങ്കുവഹിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**